# Malayala Manorama

# 17 August 2018

# Kerala , Solar Minimum

## ന്യൂനമർദത്തിന് പുറമേ സൂര്യനിമ്ന പ്രതിഭാസവും

**ഡോ.രാജഗോപാൽ കമ്മത്ത്**
(ശാസ്ത്രജ്ഞൻ)

പതിവായി ഉണ്ടാകാറുള്ള ന്യൂനമർദത്തിനു പുറമേ ഈ വർഷമുണ്ടായ സൂര്യനിമ്നം (സോളർ മിനിമം) എന്ന പ്രതിഭാസവും കേരളത്തിലെ കനത്ത മഴയ്ക്കു കാരണമായി. സൂര്യനിൽ നിന്നുള്ള പ്രസരണങ്ങൾ ഏറ്റവും ദുർബലമാകുന്ന സമയമാണിത്.

ഇതിന്റെ ഫലമായി ഭൂമിയിലേക്കുള്ള കോസ്മിക് രശ്മികളുടെ അളവു കൂടി. ഇത്തവണ ഇടവപ്പാതിയിൽ തന്നെ ഇടിമിന്നലുകൾ വർധിക്കാനുള്ള കാരണങ്ങളിലൊന്നും ഇതാണ്. 'എൽ നിനോ' ഇല്ലാതായി. ഭൂമധ്യരേഖയ്ക്കടുത്തു പസിഫിക് സമുദ്രത്തിൽ നിന്നു ചൂടുള്ള വെള്ളം ഇന്തൊനീഷ്യൻ സമുദ്രഭാഗത്തേക്കു കടന്നു.

അവിടെ രൂപംകൊണ്ട മേഘപാളികൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേക്കു വന്നതും കേരളത്തിൽ അപ്രതീക്ഷിത മഴയ്ക്കു കാരണമായിട്ടുണ്ട്. കേരളത്തിൽ ഇതിനു മുൻപത്തെ ഏറ്റവും വലിയ പ്രളയമായ 1924 സൂര്യനിമ്ന വർഷമായിരുന്നു.